Chathely House

**Poovathingal**

276. Mr. Jismon Poulose
Parekkadan House

**Mothirakanny**

277. Mr. Cleetus M. J.
Meledath House

**Maramcode St. Joseph**

278. Mr. Shaju P.D.
Pengiparamban House

**Munippara**

279. Mr. Lajo Austin
Koodathinal House

**Aroormuzhy**

280. Mr. Sebastian John
Nedungatt House

**Thazhur**

281. Mr. Sebastian K.K.
Kizhakoodan House

**South Maramcode**

282. Mrs. Jismy Jose Denny
Aikkarath House

**Thoombakode**

283. Mrs. Vidhya Dinu
Karukuttikaran House

**Veeranchira**

284. Mr. Rijo Joy
Mavelil House

**Pulinkara**

285. Mrs. Omana Jose
Pottakaran House

**Pillappara**

286. Mr. Jose M.O.
Mundadan House

**Chaipankuzhy**

287. Mrs. Ceelia Shaji
Vadakkan House

**Konnakuzhy**
288. Mr. Jesto Kunjavara
Achadan House

## I. 8. MALA FORANE

**Mala Forane**
289. Mr. Davis Joseph
Parekkatt House
**Alamattom**
290. Mr. Poulose P. V.
Puthenkadan House
**Dayanagar**
291. Mr. Sibin Francis
Karekkattu House
**Kaduppukara**
292. Mr. Jinesh Francis
Odothuparambil House
**Karottukara**
293. Mrs. Annie Thomas
Maliekal House
**Madathumpadi**
294. Mr. Thomas M.V.
Maliekal House
**Puliparambu**
295. Mrs. Lissy Jiju
Chakkalakkal House
**Puthenvelikara, Infant Jesus**
296. Mrs. Rajani Bibi
Kodiyan House
**Puthenvelikara, St. George**
297. Mr. Ditto Augustine
Maliekal House
**Poyya**
298. Mr. Joy P.J.
Panjikaran House
**Thirumukulam**
299. Mr. Shibu Devassy
Parekkattil House

## I. 9. PARAPPUKARA FORANE

**Parappukkara Forane**
300. Mrs. Reena Francis
Puthussery House
**Kuzhikkattukonam**
301. Mr. Sijo Sunny
Puthenveettil House
**Muthrathikkara**
302. Mrs. Miji Linson
Achandy House
**Thottipal**
303. Mrs. Gracy Anto
Kozhikkadan House
**Anandapuram L.F.**
304. Mr. Vilson Puthussery
Puthussery House
**Nandikara**
305. Mr. John P. L.
Panattuparmbil House
**Anandapuram South**
306. Mr. Midhu P.A.
Nereparambil House
**Rappal**
307. Mr. Johny V.A.
Velayanattukaran House
**Nellayi**
308. Mr. Jose J. Kalan
Kalan House
**Mupliyam**
309. Mr. Navneeth Baby
Ettumanukaran House

**Vellarampadam**

310. Mr. Jomon N.P.
Njerinjappilly House

**I.10. PUTHENCHIRA FORANE**

**Puthenchira Forane**

311. Mr. Thomas Joseph
Thanickal House

**Kuthirathadam**

312. Mr. Davies M.T.
Mundackal House

**Kaduppassery**

313. Mrs. Princy Baju
Arumbully House

**Thumbur**

314. Mr. Sabu Thomas
Parokkaran House

**Kuzhikkattussery**

315. Mrs. Cicily Shajan
Punneliparambil House

**Xaviur**

316. Mr. George Pattery
Pattery House

**Puthenchira East**

317. Mr. Melbin Mickle
Pulluparambil House

**Kottanellur**

318. Mrs. Reena Joy
Cheradai House

**Velayanad**

319. Mrs. Latha Sunny
Alappatt House

**J. NOMINATED MEMBERS**

320. Rev. Dr. Anish Pellissery
Vice Chancellor, Bishop's House, Irinjalakuda

321. Rev. Fr. Joyal Cheruvathur
St. Joseph's Bhavan,
St. James Hospital,
Chalakudy

322. Rev. Fr. Jain Kadavil
Secretary to the Bishop
Bishop's House, Irinjalakuda

323. Mr. Saneesh Kumar Joseph
MLA,
MLA Office, Chalakudy

324. Adv. C.T. Sabu
Chirammel House, Near Govt. Hospital, Chalakudy

325. Rtd. Dysp. Stephen Kochappan
Panekadan House, North Chalakudy

326. Adv. P.P. Peter
Palamattathu Kuttiyil House
Near Block Office,
Chalakudy West

327. Prof. M. D. Varghese
Thenamkkudath Maprany House, Behind R.C. Forane Church, Chalakudy

328. Dr. Finto Francis
Mariyam Thressia Hospital
Kuzhikkattussery

329. Adv. M. J. Baby
Manikkathuparambil House
MLA Road, Irinjalakuda

330. Mr. Telson Kottoly
Kottoly House
South Bazar Road
Irinjalakuda

331. Mrs. Annie Antu
Nellissery House, Vennoor

332. Mr. Geo Jose
Vattekkadan House
Palissery

333. Adv. Johnson K. J.
Kunnathuparambil House
Vellangallur

334. Mr. Anto Kanichai
Kanichai House
Ambazhakad

335. Mr. Shibu Valappan
Valappan House,
V. R. Puram

336. Mr. Diju Antony
Chalissery House, Kattoor

337. Mr. Shaju Valappan Anthony
Valappan House,
Bypass Road, Kallettumkara

338. Mr. Joby Varghese
Payammel House,
Kallettumkara

339. Mr. P.C. Davis
Pulickan House,
Near St. Joseph's English
Medium HSS, Aloor

340. Mr. Jibin Joy Maliekal
Maliekal House,
Kalparambu

341. Mr. Justin Alappatt
Alappatt House,
Parappukkara

342. Mr. Thomas Thannadan
Thannadan House,
Kodakara

343. Mr. Thomas Alappatt
Alappatt House, Puthenchira
Near Service Co- Bank

344. Adv. Denny Devassy
Kattuparmbil House, Mala

345. Mr. C. A. John
Chakkalakal House,
Cross Bazar, Irinjalakuda

346. Mr. Antu P. K.
Pariyadan House, Kuttikad

**ഹൃദയ – അലിവിന്റെ തൂവൽസ്പർശം**

ജീവിതസായന്തനത്തിൽ, ഒരായുസ്സു മുഴുവനും തുടർന്ന കുതിപ്പിനൊടുവിൽ, വാർദ്ധക്യത്തിന്റെ കിതപ്പും രോഗഗ്രസ്തമായ ദേഹത്തിന്റെ വല്ലായ്മകളുമേറ്റു തളർന്ന് ശയ്യാവലംബരായിത്തീരുന്ന ഒരു ദുർഘടസന്ധിയെ കടന്നുപോകേണ്ടതുണ്ട്, അനേകർക്ക്. അത്തരുണത്തിൽ, അനുകമ്പാർദ്രമായ സാമീപ്യവും, കരുണാമസൃണമായ ഒരു നോട്ടവും, ആശ്വാസദായകമായ ഒരു പുഞ്ചിരിയും, കനിവാർന്നൊരു തലോടലുമൊക്കെ മാത്രമാവും അവശതയനുഭവിക്കുന്ന നമ്മുടെ പ്രിയജനങ്ങൾ കൊതിക്കുക; അഥവാ, അതു മാത്രമാവും നമുക്ക് അവർക്കു കൊടുക്കാനാവുക. എത്രതന്നെ നിസ്സാരമെങ്കിലും, അത്തരം കരുതലുകൾ തങ്ങളുടെ യാതനാപർവ്വങ്ങളെ ക്കടന്ന് സമാധാനത്തോടെ, തൃപ്തിയോടെ, നിത്യതീരങ്ങളിലേക്കണയാൻ അനേകർക്കു സഹായകമാവും, സംശയമില്ല.

'എന്റെ ഈ ചെറിയ സഹോദരന്മാരിൽ ആർക്കെങ്കിലും നിങ്ങൾ ഇതു ചെയ്തുകൊടുത്തുവെങ്കിൽ എനിക്കു തന്നെയാണു ചെയ്തുതന്നത്' (മത്തായി 25.40) എന്ന ക്രിസ്തുമൊഴികളുടെ സാരവും സത്തയും ഉൾക്കൊണ്ടുകൊണ്ട്, വചനതീക്ഷ്ണമായൊരു ചെറുസമൂഹം ചുറ്റുമുയർന്ന നെടുവീർപ്പുകൾക്കു കാതോർത്തതിന്റെ ഫലശ്രുതിയാണ് മാർ ജെയിംസ് പഴയാറ്റിൽ മെമ്മോറിയൽ 'ഹൃദയ പാലിയേറ്റീവ് കെയർ' എന്ന പ്രസ്ഥാനത്തിന്റെ പിറവി. 2017ൽ എളിയരീതിയിൽ ഇരിങ്ങാലക്കുട രൂപതയിൽ തുടക്കം. കരുണയുടെ കൊച്ചരുവി കടലോളം വളരുന്നതാണു പിൽക്കാലം വിസ്മയത്തോടെ കണ്ടത്; ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നതും! രൂപതയുടെ അഞ്ച് മേഖലകളിലേക്കും ശാഖകളെത്താൻ കാലമേറെയെടുത്തില്ല എന്നതു കൃതാർത്ഥതയോടെ പ്രസ്താവിക്കപ്പെടേണ്ടതാണ്. 2022ലെത്തിനിൽക്കുമ്പോൾ ഹൃദയയുടെ ഹൃദ്യസ്പർശമേൽക്കാത്തിടങ്ങൾ ഇവിടെ വിരളം! ഇരിങ്ങാലക്കുട, മാള, ചാലക്കുടി, കൊടകര, വെള്ളിക്കുളങ്ങര എന്നീ അഞ്ച് പ്രമുഖകേന്ദ്രങ്ങളിൽനിന്നും നാലുപാടുമെത്തുന്ന കനിവിന്റെ കൈവഴികൾ, തിരുഹൃദയമെന്ന നിത്യനീർച്ചോലയിൽനിന്നു മേൽക്കുമേൽ കൃപ സ്വീകരിച്ചുകൊണ്ട് അനേകം ഹൃദയ തീരങ്ങളെ കുളിർപ്പിക്കുന്നുവെന്നത് ചാരിതാർത്ഥ്യജനകമായൊരു വസ്തുതയാണ്!

കൊറോണയെന്ന കൊലയാളി വൈറസ് മനുഷജീവന്റെ അന്തസ്സി നൊത്തവിധമൊരു സംസ്കാരശുശ്രൂഷ പോലും ഹതഭാഗ്യരായ രോഗികൾക്കു നിഷേധിക്കുംവിധം സംഹാരതാണ്ഡവമാടിയ ദിനങ്ങളിൽ, നിസ്സഹായതയുടെ പാരമ്യത്തിൽ ഒരുപാടു സഹോദര ങ്ങൾ പകച്ചുനിൽക്കെ, മാലാഖമാരെപ്പോലെ കടന്നുചെന്ന് അനേ കർക്കു സാന്ത്വനവും സഹായവുമാകാൻ കഴിഞ്ഞുവെന്നത് ഹൃദയ യുടെ കാരുണ്യചരിതത്തിലെ തിളക്കമാർന്ന ഒരദ്ധ്യായമാണ്.

**നൂതന വഴിത്താരകളിലേക്ക്**

കഴിഞ്ഞ 5 വർഷ കാലയളവിൽ 4200 കിടപ്പ് രോഗികൾക്ക് ഹൃദയ പാലിയേറ്റീവ് കെയറിൽനിന്നും ശുശ്രൂഷ നൽകുകയുണ്ടായി. ഇക്കാലയളവിൽ മരുന്നും ഉപകരണങ്ങളും ആംബുലൻസ് സർവീ സിനുമായി 4 കോടി 65 ലക്ഷം ചെലവഴിച്ചു.

കോവിഡിന് ശേഷം കിടപ്പ് രോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അവരുടെ അനുദിനാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ തോതിൽ സംഭാവനകൾ കണ്ടെത്താൻ സാധിക്കുന്നില്ല എന്ന ആശങ്ക ഇവിടെ പങ്കുവയ്ക്കുകയാണ്. ഒരു മാസം 4 ലക്ഷം ചെലവുണ്ട്. (മരുന്ന് -1,45,000, സ്റ്റാഫ് സാലറി-1,65,000, ആംബുലൻസ് ഇന്ധനം - 90,000) എന്നിവയാണ് നമ്മുടെ പ്രധാന ചെലവിനങ്ങൾ. (പണമായി പ്രതിഫലം കൈപ്പറ്റാതെ സേവനം നൽകുന്ന സുമനസ്സു കൾ ഹൃദയയുടെ ടീമിലുണ്ട്. അവരുടെ നിസ്വാർത്ഥസേവനങ്ങളെ ഹൃദയപൂർവ്വം ശ്ലാഘിക്കുന്നു!)

ഈ സാഹചര്യത്തിൽ ഒരു രോഗിക്ക് ഒരു ദിവസത്തെ മരുന്നിന് ആവശ്യമായ 100 രൂപ / ഒരു ദിവസത്തെ ഒരു നേരത്തെ ആഹാരത്തി നുള്ള വക, ഓരോ വ്യക്തിയുടെയും ഇല്ലായ്മയിൽ നിന്നുള്ള സമർപ്പണമായി മാസം തോറും സ്വീകരിച്ചുകൊണ്ട്- കരുതൽ - എന്ന പേരിൽ ഒരു സംരംഭം തുടങ്ങി വയ്ക്കുകയാണ്. ഈ ഉദ്യമത്തിന് ഇടവകയിലെ ഓരോ കുടുംബങ്ങളും സ്ഥാപനങ്ങളും വ്യക്തികളും പങ്ക് ചേർന്ന്, സാദ്ധ്യമായ എല്ലാ രീതിയിലും ഞങ്ങളോടു സഹകരി ക്കണമെന്ന് നമ്മുടെ കർത്താവിന്റെ കരുണയിലും നിങ്ങൾ ഓരോരുത്തരുടെയും ഉദാരമനസ്കതയിലും ആശ്രയിച്ചുകൊണ്ട് അപേക്ഷിക്കുന്നു.

ദൈവാനുഗ്രഹസമൃദ്ധി നേരുന്നു!

**ഫാ. തോമസ് കണ്ണമ്പിള്ളി**
ഡയറക്ടർ
9400290142, 0480 2822777

ക്രിസ്തീയ ന്യൂനപക്ഷ അവകാശ സമിതി ഇരിങ്ങാലക്കുട രൂപതയിൽ ആരംഭിച്ചിട്ട് ഈ നവംബറിൽ മൂന്നുവർഷം പൂർത്തിയാകുന്നു. ഈ കാലയളവിൽ നമ്മുടെ രൂപയ്ക്കുള്ളിലും പുറത്തുമായി ന്യൂനപക്ഷ അവകാശങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാനും ഏറെ കാര്യങ്ങൾ നേടിയെടുക്കുവാനും സാധിച്ചു.

**പ്രധാന പ്രവർത്തന മേഖലകൾ**

1. സ്കോളർഷിപ്പുകളെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാനും അതു നേടിയെടുക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുവാനും സാധിച്ചു.
2. ന്യൂനപക്ഷ അവകാശങ്ങളെ കുറിച്ചും സാമ്പത്തിക സംവരണ സർട്ടിഫിക്കറ്റിനെ (EWS) കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ ഇടവകകളിൽ സംഘടിപ്പിക്കുകയും ബുക്ക്ലെറ്റുകൾ വിതരണം ചെയ്യുകയും അതു നേടിയെടുക്കാൻ വേണ്ട സഹായം നൽകുകയും ചെയ്തു.
4. ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ സർക്കാർ കൊണ്ടുവന്ന ജെ. ബി. കോശി കമ്മീഷന് മുന്നിൽ ഇരിങ്ങാലക്കുട രൂപതയിൽനിന്നും വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു ലക്ഷത്തി എൺപതിനായിരം നിവേദനങ്ങൾ സമർപ്പിക്കുവാൻ സാധിച്ചു.
5. യുവജനങ്ങൾക്കും കുട്ടികൾക്കും ഉപകാരപ്രദമായ വിദ്യാഭ്യാസ ലോണുകളും ഒപ്പം കുടുംബങ്ങൾക്ക് ആവശ്യമായ ഭവന പദ്ധതികളും ക്ഷേമ പദ്ധതികൾക്കും കേരള സംസ്ഥാന ന്യൂനപക്ഷ സാമ്പത്തിക വികസന കോർപ്പറേഷനിൽ (KSMFDC) നിന്നും സാമ്പത്തിക സഹായം നേടിക്കൊടുക്കുവാനും അതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ സാധിച്ചു.
6. 80:20 പോലുള്ള വിഷയങ്ങളിൽ സീറോ മലബാർ സഭയുടെ പൊതു നയങ്ങളോട് ചേർന്ന് നിന്നുകൊണ്ട് പൊരുതുവാനും ആ വിവേചനം കോടതി വിധിയിലൂടെ മാറ്റിയെടുക്കുവാനും സാധിച്ചു.
7. വിധവകൾക്കായുള്ള ഭവന പുനരുദ്ധാരണ പദ്ധതിയായ ഇമ്പിച്ച ബാവ ഭവന പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുകയും

കളക്ടറേറ്റിൽ എത്തിക്കുകയും അതു നേടിയെടുക്കാൻ വേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു.

8. ന്യൂനപക്ഷ വിഷയങ്ങളുടെ ബോധവൽക്കരണത്തിന്റെ ഭാഗമായി രൂപതയിലും ഇടവക തലങ്ങളിലും കോളേജുകളിലും സംഘടന യിലും സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

9. ന്യൂനപക്ഷ വകുപ്പ് മുഖ്യമന്ത്രി ഏറ്റെടുക്കുന്നതിന് അപേക്ഷ നൽകുവാനും ഈ ആവശ്യം നേടിയെടുക്കുവാൻ സാധിച്ചു.

10. പ്രധാനമന്ത്രിയുടെ ജനവികാസ് കാര്യക്രമം (PMJVK) പോലുള്ള ന്യൂനപക്ഷ ക്ഷേമ പദ്ധതിയിൽ തൃശ്ശൂർ ജില്ലയെയും ഉൾപ്പെടുത്തു വാൻ ആയിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അത് നേടിയെടു ക്കാൻ സാധിച്ചു

11. വൈദികർക്കും സന്യസ്ഥർക്കും അവകാശപ്പെട്ട റേഷൻ കാർഡ് ലഭ്യമാകുവാൻ വേണ്ട സഹായങ്ങൾ ചെയ്തു നൽകി.

12. ഞായറാഴ്ചകൾ പ്രവർത്തി ദിനം ആക്കുന്നതുപോലുള്ള ക്രിസ്തീയ ന്യൂനപക്ഷ വിരുദ്ധമായ സർക്കാർ തീരുമാനങ്ങളെ എതിർക്കാനും പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനും സാധിച്ചു.

13. സീറോ മലബാർ സഭാ തലത്തിലുള്ള സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വിഷയങ്ങളെ കുറിച്ചുള്ള പഠന റിപ്പോർട്ട് തയ്യാറാക്കു കയും ചർച്ചചെയ്യുകയും കർമ്മപദ്ധതികൾ രൂപീകരിക്കുകയും ചെയ്യുന്നതിൽ സഹകരിച്ചു .

14. പബ്ലിക് അഫയേഴ്സ് കമ്മിറ്റി (PAC)യുമായി ചേർന്നു രൂപതാ തല ത്തിൽ സർവ്വേ നടത്തനും അതിന്റെ റിപ്പോർട്ട് ജെ. ബി. കോശി കമ്മീഷനും സീറോ മലബാർ സഭാ തലത്തിലും നൽകാനും സഹകരിച്ചു.

15. കേരളത്തിലെ ക്രൈസ്തവർ നേരിടുന്ന പ്രശങ്ങളെക്കുറിച്ചു കേന്ദ്ര ന്യൂനപക്ഷ മന്ത്രിക്കും മറ്റു അധികാരികൾക്കും പരാതി നൽകാനും അവരെ നേരിൽ കണ്ടു നിജസ്ഥിതി ബോധ്യപ്പെടുത്താനും സാധിച്ചു.

**ഫാ. നൗജിൻ വിതയത്തിൽ**

ഡയറക്ടർ

1. **മെഡിക്ലെയിം ഇൻഷ്വറൻസ്**

സ്റ്റാർ ഹെൽത്തുമായി സഹകരിച്ച് സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ പുതിയ ഇൻഷ്വറൻസ് ആരംഭിച്ചു. പദ്ധതി വിശദീകരണത്തിനായി മാള, കൊടകര, കുറ്റിക്കട്, ചാലക്കുടി ഫൊറോനതലത്തിൽ യൂണിറ്റ് കോ-ഓർഡിനേറ്റേഴ്സിന്റെ മീറ്റിങ്ങ് സംഘടിപ്പിച്ചു. 3 മാസം മുതൽ 65 വയസ്സ് വരെ പ്രായമുള്ളവർക്ക് 6255 രൂപ അടച്ച് ഈ പോളിസിയിൽ അംഗങ്ങളാകാവുന്നതാണ്. ഈ വ്യക്തിഗത ഇൻഷ്വറൻസ് പദ്ധതിക്ക് വെയ്റ്റങ്ങ് പിരീഡ് 2 year exclusion എന്നിവ ഉണ്ടായിരിക്കുന്നല്ല.

മെഡിക്ലെയിം ഇൻഷ്വറൻസ്‌വഴി 9 പോളസി ഉടമകൾക്ക് 1,16,100/- രൂപ വിതരണം ചെയ്തു. യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനിയുടെ നിലവിലുള്ള ഇൻഷ്വറൻസ് തുടരുന്നതാണ്.

2. **സേവ് എ ഫാമിലി പദ്ധതി**

സേവ് എ ഫാമിലി പദ്ധതിയിലേക്ക് പുതിയതായി 100 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. പുത്തൻചിറ, മാള, ആളൂർ, കൊടകര, പറപ്പൂക്കര എന്നീ പഞ്ചായത്തുകൾ, ചാലക്കുടി മുൻസിപ്പാലിറ്റി എന്നിവ ഉൾപ്പെടുന്ന ഇടവകകകളിൽ നിന്നാണ് പുതിയ അംഗങ്ങളെ കണ്ടെത്തേണ്ടത്. നിലവിലുള്ള അംഗങ്ങളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 10 കുടുംബങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം 10 ലക്ഷം വിതരണം ചെയ്തു.

3. **എൽ.ഐ.സി. ജീവൻ മധൂർ ഇൻഷ്വറൻസ്**

എൽ.ഐ.സി. ജീവൻ മധൂർ ഇൻഷ്വറൻസ് വഴി 4 പോളിസി ഉടമകൾക്ക് 72,000/- രൂപ വിതരണം ചെയ്തു.

4. **ജെ.എൽ.ജി. ഗ്രൂപ്പ് പ്രവർത്തനങ്ങൾ**

*കാർഷിക ലോൺ:* സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ വനിതാ സംരംഭമായ ഗ്രാമശ്രീയിലെ സ്വാശ്രയ സംഘങ്ങളിൽപ്പെട്ട 27 ജെ.എൽ.ജി.കൾക്ക് തൊണ്ണൂറ്റി ഒന്ന് ലക്ഷം രൂപയുടെ കാർഷിക വായ്പ ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകൾ വഴി അനുവദിച്ചു. പുതിയ 21 ജെ.എൽ.ജി.കൾ രൂപീകരിച്ചു.

5. **സാഫല്യം ഭവന പദ്ധതി**

സാഫല്യം ഭവന പദ്ധതി വഴി ഇരിങ്ങാലക്കുട രൂപതയിലെ അർഹരായ 60 പേർക്ക് ഭവനങ്ങൾ നിർമ്മിക്കാനുള്ള സഹായം ചെയ്തു വരുന്നു. ഈ പദ്ധതി വഴി ഇതിനകം 42,72,500 രൂപ വിതരണം ചെയ്തിട്ടുണ്ട്.

6. **പ്രകൃതി അഗ്രികൾച്ചറൽ നഴ്സറി:** കൊറ്റനല്ലൂരിൽ സ്ഥിതി ചെയ്യുന്ന പ്രകൃതി നഴ്സറിയിൽ ഗുണമേന്മയുള്ള തെങ്ങ്, അടക്ക മരം തൈകൾ, വിവിധതരം വാഴക്കന്നുകൾ, ഫലവൃക്ഷതൈകൾ, പൂച്ചെടികൾ, പച്ചക്കറിതൈകൾ, വിവിധയിനം ഇന്റീരിയർ ഫ്ളവേഴ്സ് ചെടികൾ എന്നിവ മിതമായ നിരക്കിൽ വിൽക്കപ്പെടുന്നു. തൈകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർ പ്രകൃതി അഗ്രികൾക്കച്ചറൽ നഴ്സറിയുമായി ബന്ധപ്പെടുക. ഫോൺ: 9961154497, 8714134467

**ഫാ. തോമസ് നട്ടേക്കാടൻ**
ഡയറക്ടർ

---

# ക്രിസ്തീയ ന്യൂനപക്ഷ അവകാശ സമിതി

## അറിയിപ്പ്

പ്രിയപ്പെട്ടവരേ...

രൂപതയിൽ ന്യൂനപക്ഷ സമിതി രൂപീകരിച്ചതിനു ശേഷം മൂന്നുവർഷം പൂർത്തിയാവുകയാണ്. അതിന്റെ പ്രവർത്തങ്ങളോട് സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

സമിതിയുടെ ഇടവക തലത്തിലുള്ള പാരിഷ് സെൽ അംഗങ്ങൾ അവരുടെ കാലാവധി പൂർത്തിയാക്കുന്നു. ആയതിനാൽ പുതിയ പ്രവർത്തന വർഷങ്ങളിലേക്ക് മൂന്ന് പേരെ വീതം ഇടവക തലത്തിൽനിന്നും രൂപത ന്യൂനപക്ഷ സമിതിയിലേക്ക് തിരഞ്ഞെടുത്തു നൽകണമെന്നു പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു. അവരുടെ പേരുകൾ നവംബർ 10 നു മുൻപ് രൂപത കേന്ദ്രത്തിലോ ന്യൂനപക്ഷ ഓഫീസിലോ നൽകുമല്ലോ.

**ഫാ. ആൽബിൻ പുന്നേലിപറമ്പിൽ**
അസ്സി. ഡയറക്ടർ

**ഫാ. നൗജിൻ വിതയത്തിൽ**
ഡയറക്ടർ

**അഡ്വ. ജോർഫിൻ പെട്ട**
പ്രസിഡന്റ്

1. **മലയോരവികസന നായകൻ ഫാ. ജോസഫ് ഏലിയാസ് CMI യുടെ അനുസ്മരണം**

സാമൂഹിക പ്രവർത്തന രംഗത്ത് നിറസാന്നിദ്ധ്യമായ ചാലക്കുടി അവാർഡ് ഭവന്റെ സ്ഥാപക ഡയറക്ടറും തികഞ്ഞ സാമൂഹ്യ പ്രതിബദ്ധതയുള്ള പുരോഹിതനും ദീർഘ വീക്ഷണവും ലളിതമായ ജീവിതശൈലിയുടെ ഉടമയുമായിരുന്ന ജോസഫ് ഏലിയാസച്ചന്റെ സ്മരണയ്ക്കു മുന്നിൽ ചാലക്കുടി അവാർഡും പൗരാവലിയും ആദരാഞ്ജലികൾ അർപ്പിച്ചു.

2022 സെപ്റ്റംബർ 28 ബുധനാഴ്ച 3.00 മണിക്ക് ചാലക്കുടി മർച്ചന്റ് അസോസിയേഷൻ ഹാളിൽ നടന്ന അനുസ്മരണയോഗത്തിൽ ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ പോളി കണ്ണൂക്കാടൻ, ചാലക്കുടി മുനിസിപ്പൽ ചെയർമാൻ ശ്രീ. എബി ജോർജ്, ശ്രീ. കെ. എസ്. സുദർശൻ IPS, അവാർഡിന്റെ ആരംഭം മുതലുള്ള സന്നദ്ധ പ്രവർത്തകർ, സ്റ്റാഫ് എന്നിവർ പങ്കെടുത്തു. അനുസ്മരണയോഗത്തിൽ വച്ച് ഫാ. ജോസഫ് ഏലിയാസച്ചന്റെ അനുസ്മരണയ്ക്കായി ഏർപ്പെടുത്തിയിരിക്കുന്ന മികച്ച മലയോരവികസന സാമൂഹിക പ്രവർത്തകനുള്ള പ്രഥമ പുരസ്കാരം ശ്രീ. എസ്. പി. രവിക്ക് നൽകി. കൂടാതെ അച്ചന്റെ ഓർമ്മയ്ക്കായി ആരംഭിക്കുന്ന ജീവകാരുണ്യ പ്രവർത്തിയായ 'ഡയാലിസിസ് മിത്ര'യ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. കൂടാതെ, അവാർഡിന്റെ നേതൃത്വത്തിലുള്ള വിവിധ സൊസൈറ്റികളിലും ഗണങ്ങളിലും ഫാ. ജോസഫ് ഏലിയാസ് CMI യുടെ അനുസ്മരണയോഗങ്ങൾ നടത്തി.

2. **വൃക്കരോഗനിർണ്ണയ ക്യാമ്പ്**

ചാലക്കുടി അവാർഡും ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയും സെന്റ് ജെയിംസ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസും ചേർന്ന് അവാർഡിന്റെ പ്രവർത്തന പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിൽ വൃക്കരോഗനിർണ്ണയ ക്യാമ്പ് നടത്തി.

**1. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്**

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വേലൂപ്പാടം ഐശ്വര്യ സൊസൈറ്റി, കൽക്കുഴി വനിതാ ഗണം, ഉപ്പുഴി പ്രതീക്ഷ സൊസൈറ്റി, ഇഞ്ചക്കുണ്ട് വനിതാഗണം എന്നിവിടങ്ങളിൽ നടത്തിയ വൃക്കരോഗനിർണ്ണയ ക്യാമ്പുകളിൽ സെന്റ് ജെയിംസ് ആശുപത്രി അസോ. ഡയറക്ടർ ഫാ. നവീൻ ഊക്കൻ ഉദ്ഘാടനം

നിർവ്വഹിച്ചു. സെന്റ് ജെയിംസ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിലെ വിദഗ്ദ്ധർ ക്ലാസ് നൽകി. ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, അവാർഡ് കോ ഓർഡിനേറ്റർ സിസ്റ്റർ ലൂമിന എന്നിവർ ആശംസകൾ അർപ്പിച്ചു. 275പേർ രോഗനിർണ്ണയം നടത്തി.

**2. അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്**

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വെട്ടിക്കുഴി ഡിവൈൻ ആർട്സ് ക്ലബിൽ വച്ച് നടത്തിയ വൃക്കരോഗനിർണ്ണയക്യാമ്പുകളിൽ സെന്റ് ജെയിംസ് ആശുപത്രി അസോ. ഡയറക്ടർ ഫാ. നവീൻ ഊക്കൻ ഉദ്ഘാടനം നിർവ്വഹിച്ചു. സെന്റ് ജെയിംസ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിലെ വിദഗ്ദ്ധർ ക്ലാസ് നൽകി. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് അംഗ ശ്രീമതി ഷാന്റി ജോസഫ്, അവാർഡ് കോ ഓർഡിനേറ്റർ സിസ്റ്റർ നിമ എന്നിവർ ആശംസകൾ അർപ്പിച്ചു. 50 പേർ രോഗനിർണ്ണയം നടത്തി.

**3. ഗാന്ധിജയന്തി ദിനാചരണം**

അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വരന്തരപ്പിള്ളി, മറ്റത്തൂർ, കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തുകളിലെ വിവിധ പ്രാദേശിക വികസന സൊസൈറ്റികൾ, ഗണങ്ങൾ, ചിൽഡ്രൻസ് ക്ലബ് / സർഗ / എൽഡേഴ്സ് ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ ഗാന്ധി ജയന്തി ദിനം സേവനദിനമായി ആചരിച്ചു. വരന്തരപ്പിള്ളി കുടുംബ ആരോഗ്യ കേന്ദ്രം തുടങ്ങിയ പൊതു ഇടങ്ങളിൽ ശുചീകരണവും ഗാന്ധിജി അനുസ്മരണവും നടത്തി.

**4. അവാർഡ് ഫാമിലി കൗൺസിലിംഗ് സെന്റർ**

അവാർഡ് ഫാമിലി കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ 29.09.2022ൽ കൊരട്ടി ലിറ്റിൽ ഫ്ളവർ H.S.S. പ്ലസ്ടു വിദ്യാർത്ഥികൾക്ക് അവാർഡ് ഫാമിലി കൗൺസിലർ ശ്രീമതി ലീന ചെറിയാൻ ക്ലാസ് നൽകി.

**5 അവാർഡ് ഗൃഹോപകരണ പദ്ധതി**

തവണ വ്യവസ്ഥയിൽ ഗൃഹോപകരണങ്ങൾ സ്വന്തമാക്കാനുള്ള 20-ാം ഘട്ട പദ്ധതി (Home Appliances Scheme HAS) അവാർഡിൽ ആരംഭിച്ചു. 23 തവണകളായി പണമടച്ചുകൊണ്ട് വീട്ടിലേക്കാവശ്യമുള്ള വിവിധയിനം ഉപകരണങ്ങൾ സ്വന്തമാക്കാവുന്നതാണ് ഈ പദ്ധതി.

**6 വനിതകൾക്ക് തൊഴിലവസരം**

80 വനിതകൾക്ക് വീട്ടിലിരുന്ന് ടെലികോളിംഗ് വഴി വരുമാനം ലഭിക്കുന്നതിനുള്ള അവസരം ഒരുക്കുകയും അവർക്ക് പരിശീലനവും നൽകുകയും ചെയ്തു.

7. **കർഷകർക്ക് കുറഞ്ഞ നിരക്കിൽ ബാങ്ക് വായ്പ (JLG ലോൺ)**
100 കർഷക ഗ്രൂപ്പുകൾക്ക് നബാർഡിന്റെയും സൗത്ത് ഇന്ത്യൻ ബാങ്കിന്റെയും ധനസഹായത്തോടെ സബ്സിഡിയോടുകൂടിയ കൃഷിവായ്പകൾ ഒരുക്കുന്നു.

8. **അപകട ഇൻഷുറൻസ് പദ്ധതി**
അവാർഡ്, ന്യൂ ഇന്ത്യ അഷുറൻസ് കമ്പനിയുമായി സഹകരിച്ചുകൊണ്ട് വിവിധ അപകടങ്ങൾ മൂലമുള്ള ആശുപത്രിവാസം/മരണം എന്നിവയ്ക്ക് പരിരക്ഷ നൽകുന്ന പദ്ധതി (ഒരു ലക്ഷം രൂപയ്ക്ക് പ്രീമിയം 425/- രൂപ മാത്രം) 2022 ഒക്ടോബർ മാസം മുതൽ അവാർഡ് ഭവനിൽ ആരംഭിച്ചിരിക്കുന്നു.

**ഫാ. മനോജ് കരിപ്പായി**
ഡയറക്ടർ




## 2022 November

### Birth Days

| | | | |
|---|---|---|---|
| 01 | Rev. Fr. Thekkumpuram Delby | 17 | Rev. Fr. Kuttikadan Jojo |
| | Rev. Fr. Vineesh Vattoly | 18 | Rev. Fr. Njarekadan Tinto |
| 02 | Rev. Fr. Payyappilly Gilson | 19 | Rev. Fr. Mandakath Joseph |
| 03 | Rev. Fr. Perppadan Joy | 23 | Rev. Fr. Maliekal Sebastian |
| 04 | Rev. Fr. Manimalakunnel Lijo | | Rev. Fr. Manadan Johnson |
| 05 | Rev. Fr. Arikkatt Sebastian | 24 | Rev. Fr. Chalissery Vincent |
| | Rev. Fr. Pareman George | 27 | Rev. Fr. Edattukaran John |
| 06 | Rev. Fr. Cheradai Jomin | | Rev. Fr. Kallely Joshy |
| | Rev. Fr. Kavil Francis | | Rev. Fr. Karippai Anto |
| 07 | Rev. Fr. Chittilappilly Femin | | Rev. Fr. Panjikaran Raphael |
| | Rev. Fr. Thachil Anto | 29 | Rev. Fr. Alappatt Anto G. |
| 08 | Rev. Fr. Maliekal Davis | | Rev. Fr. Chittilappilly Ignatius |
| 12 | Rev. Fr. Pudussery Antony | | Rev. Fr. Vazhappilly Justin |
| 15 | Rev. Fr. Pengiparambil Vimal | | |

### Feast Days

| | | |
|---|---|---|
| **30** | Rev. Fr. Maliekal Andrews | |

# സിൽച്ചർ മിഷൻ

**1. പരി. അമ്മയോടൊത്ത് പ്രേഷിത പ്രവർത്തനം**

ഒക്ടോബർ, ജപമാല മാസത്തിൽ സിൽച്ചർ മിഷനിലെ വിവിധ മിഷൻ സ്റ്റേഷനുകളിലെ വില്ലേജുകളിൽ (കുമുളുങ്ങ് – കുഞ്ചുമുറ; ചമ്പക് നഗർ – ബൃഹുദാസ് പാറ; കൊവായ് – റൊത്തീല; കൊങ്കാർ, മൊണയ്ച്ചിറ, ലങ്കാപുര വില്ലേജുകളിലും മനുഗട്ട്; സീറോ മലബാർ മലയാളി പ്രവാസി സമൂഹം) ഭവനങ്ങളിലും ആഘോഷമായ ജപ മാലയും ഭവന വെഞ്ചരിപ്പും നടത്തി.

**അഖണ്ഡ ജപമാല**

ഒക്ടോബർ 7ന് ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ മനുഗട്ട് മിഷൻ സ്റ്റേഷനിൽ അഖണ്ഡ ജപമാല നടത്തി. 10 പേർ പങ്കെടുത്ത് പ്രാർത്ഥിച്ചു.

**2. ശിലാസ്ഥാപനം**

അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് മോഹൻപൂർ മിഷൻ സ്റ്റേഷന്റെ മിഷൻ കോഡിനേഷൻ ഹൗസ്, ഹോളിഫാമിലി കോൺവെന്റ്, നഴ്സറി സ്കൂൾ, ക്ലിനിക് & മൾട്ടി പർപ്പസ് ഹാൾ എന്നിവയ്ക്ക് ആവശ്യമായ അടിസ്ഥാന ശിലകൾ ഒക്ടോബർ 7 ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ ആശീർവദിച്ചു. സിൽച്ചാർ മിഷൻ കോ–ഓർഡിനേറ്റർ റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ, രൂപത ഫിനാൻസ് ഓഫീസർ റവ. ഫാ. ലിജോ കോങ്കോത്ത്, റവ. ഫാ. ജെയിൻ കടവിൽ, പാവനാത്മ പ്രൊവിൻഷ്യൽ റവ. സി. എൽസി കോക്കാട്ട് സി.എച്ച്.എഫ്., വികാർ പ്രൊവിൻഷ്യൽ റവ. സി. റോസ് ബാസ്റ്റ്യൻ സി.എച്ച്.എഫ്., ചാരിറ്റി തൃശൂർ മരിയ പ്രൊവിൻസ് പ്രൊവിൻഷ്യൽ റവ. സി. വെൺമ സി.എസ്.സി. എന്നിവർ സന്നിഹിതരായിരുന്നു.

മോഹൻപൂർ മിഷൻ സ്റ്റേഷനിലെ മുറാബാറി വില്ലേജിൽ മിഷൻ ഹൗസ്, നഴ്സറി സ്കൂൾ എന്നിവയ്ക്ക് റവ. ഫാ. ക്ലമന്റ് ചിറയത്തും (നാഷണൽ കോ–ഓർഡിനേറ്റർ ഓഫ് സീറോ മലബാർ ചർച്ച്, അയർലന്റ്), ഹോളിഫാമിലി കോൺവെന്റ്, ക്ലിനിക് & മൾട്ടി പർപ്പസ് ഹാൾ എന്നിവയ്ക്ക് റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിലും കല്ലിടൽ കർമ്മം നടത്തി. റവ. ഫാ. ബെഞ്ചമിൻ ചിറയത്തും, ശ്രീ. ബൊയർ ദെബർമ്മ (സെക്രട്ടറി ഓഫ് സെന്റ് സെബാസ്റ്റ്യൻ ചർച്ച്), ഹോളി ഫാമിലി സിസ്റ്റേഴ്സ് സന്നിഹിതരായിരുന്നു.

3. **പുതിയ ഇടയന്മാർ പ്രേഷിത രംഗത്തേക്ക്**

ഷംഷാബാദ് രൂപതയിൽ പുതിയതായി അഭിഷിക്തരായ സഹായ മെത്രാന്മാർ ബിഷപ് ജോസഫ് കൊല്ലംപറമ്പിലിന്റെയും ബിഷപ്പ് തോമസ് പാടിയത്തിന്റെയും മെത്രാഭിഷേക ചടങ്ങിൽ സിൽച്ചാർ മിഷന്റെ പ്രതിനിധിയായി റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ സംബന്ധിക്കുകയും ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു.

4. **തിരുനാളാഘോഷം**

പ്രേഷിത മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ആഘോഷിച്ചു. ഒക്ടോബർ 1-ാം തിയ്യതി വി. കൊച്ചുത്രേസ്യയുടെ നാമത്തിലുള്ള ലെങ്കാപുര ചർച്ചിൽ ആഘോഷമായ ദിവ്യബലിക്ക് റവ. ഫാ. അഖിൽ വടക്കൻ നേതൃത്വം നൽകി. വി. കൊച്ചുത്രേസ്യയുടെ ജീവിചരിത്രത്തെ കുറിച്ച് റവ. സി. ലിറ്റി സി.എം.സി. ക്ലാസ്സെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ഗാനശുശ്രൂഷയും സായാഹ്ന വിരുന്നും ഏവർക്കും ഹൃദ്യമായി. ദിവ്യബലിക്കുശേഷം ബൈബിൾ ക്വിസ് വിജയികൾക്ക് (Lexon, Boyer) സമ്മാനങ്ങൾ നൽകി.

5. **സന്ദർശനം**

ചമ്പക് നഗർ സെന്റ് മേരീസ് മിഷൻ സ്റ്റേഷനിൽ ചാരിറ്റി കോൺഗ്രിഗേഷനിലെ മരിയ പ്രോവിൻസ് തൃശൂർ പ്രൊവിൻഷ്യൽ റവ. സി. വെൺമ, വികാർ പ്രൊവിൻഷ്യൽ റവ. സി. ഹൃദ്യ സി.എസ്.സി. വിവിധ മിഷൻ സ്റ്റേഷനുകളും മിഷൻ ഹൗസുകളും കോൺവെന്റുകളും സന്ദർശിച്ചു. പുതിയ കോൺവെന്റ് ആരംഭിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തിയാക്കുകയും ചെയ്തു.

യൂറോപ്പിലെ അയർലണ്ടിലെ നാഷണൽ കോ-ഓർഡിനേറ്ററായ റവ. ഫാ. ക്ലെമന്റ് ചിറയത്തിന് സിൽച്ചർ കുടുംബത്തിലെ എല്ലാ വൈദികരും സിസ്റ്റേഴ്സും മിഷൻ സ്റ്റേഷനുകളും ഹൃദ്യമായ സ്വാഗതമേകി സ്വീകരിച്ചു.

**SACRAMENTS**

| No. | Mission Station | Village | Sacrements of Initiation | Marriage |
|---|---|---|---|---|
| 1 | Chambaknagar | Narging | 12 | |
| 2 | Khowai | Lengapura | 3 | - |
| 3 | Khumulung | - | - | - |
| 4 | Manughat | - | - | - |
| 5 | Mohanpur | - | - | - |

6. **മിഷൻ മാസാചരണം**

സിൽച്ചർ മിഷനിൽ മിഷൻ മാസാചരണം കുമുളുങ്ങ് മിഷൻ സ്റ്റേഷ നിലെ ഹോർക്കുങ്ങ് വില്ലേജിൽ റവ. ഫാ. ക്ലെമന്റ് ചിറയത്ത് ഉദ്ഘാ ടനം ചെയ്തു. മിഷൻ കോ-ഓർഡിനേറ്റർ റവ. ഫാ. ടൈറ്റസ് കാട്ടു പറമ്പിൽ സന്ദേശം നൽകി. റവ. ഫാ. ബഞ്ചമിൻ ചിറയത്ത് ഏവർക്കും സ്വാഗതം ആശംസിച്ചു. റവ. ഫാ. ക്ലമന്റ് ചിറയത്ത് എല്ലാ വർക്കും തിരികൾ തെളിയിച്ചു നൽകി. 20 പേർ പങ്കെടുത്തു.

**EVANGELIZATION AND PASTORAL CARE**

| Mission Station | Village | | House Visit | | Catechumens |
|---|---|---|---|---|---|
| | Existing | New | Existing | New | |
| Chambaknagar | - | - | - | 5 | - |
| Khowai | 4 | - | 20 | 10 | - |
| Khumulwng | 5 | - | 26 | 4 | 19 |
| Manughat | 5 | 4 | 77 | 45 | 9 |
| Mohanpur | 5 | 2 | 22 | 12 | 19 |

7. **സൗജന്യ മെഡിക്കൽ ക്യാമ്പ്**

ഹൃദയ പാലിയേറ്റീവ് കെയറിന്റെ ആഭിമുഖ്യത്തിലും മോഹൻപൂർ പി.എച്ച്.സി.യുടെ നേതൃത്വത്തോടും കൂടെ മോഹൻപൂർ മിഷൻ സ്റ്റേഷനിലെ അരിക്കോല കോളനിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. റവ. സി. ഡോ. മരിയ ജോൺ സി.എച്ച്.എഫ്., ഡോ. ട്രിയ മോരി മാർക്ക് പാൻട്ര, ഡോ. സുഹനി ജമാതിയ എന്നി വർ നേതൃത്വം നൽകി. 78പേർ പങ്കെടുത്തു.

9. **Suari Tangsa (മാലാഖക്കൂട്ടം)**

സെന്റ് ജോസഫ് കൊവായ് മിഷൻ സ്റ്റേഷനിൽ റവ. ഫാ. അഖിൽ വടക്കന്റെയും സി.എം.സി. സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ ലെങ്കാപുര വില്ലേജിലെ കുട്ടികൾക്ക് ബൈബിൾ ക്വിസ് മത്സരം നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. 9 പേർ പങ്കെടുത്തു. അപ്പസ്തോലെയ്റ്റ് ഫോർ വിമൺ ആന്റ് ചിൽഡ്രന്റെ ആഭിമുഖ്യ ത്തിൽ റവ. ഫാ. ബെഞ്ചമിൻ ചിറയത്തിന്റെയും എഫ്.സി.സി. സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ കുഞ്ചുമുറ വില്ലേജിലെ കുട്ടി കൾക്കായി ക്യാമ്പ് സംഘടിപ്പിച്ചു. 18 കുട്ടികളും 12 മാതാപിതാ ക്കളും പങ്കെടുത്തു.

## 10. Awake - 2022 -Youth Day

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തിരുനാൾ ദിനത്തിൽ മോഹൻപൂർ മിഷൻ സ്റ്റേഷനിലെ മുറാബാറി വില്ലേജിൽ യുവജന സംഗമം സംഘടിപ്പിച്ചു. കാറ്റെകിസ്റ്റ് ജോൺ വിഭൂഷൻ രൂപിണി 'യുവജനങ്ങളും സഭയും' എന്ന വിഷയത്തെ കുറിച്ചും, സി. രമ്യ സി.എച്ച്.എഫ്. 'യുവജനങ്ങളും ലഹരിയും' എന്ന വിഷയത്തെക്കുറിച്ചും ക്ലാസ് നയിച്ചു. 'ഡോക്ടറോടു ചോദിക്കൂ' എന്ന പരിപാടിയിലൂടെ റവ. സി. ഡോ. മരിയ ജോൺ സി.എച്ച്.എഫ്. ചോദ്യങ്ങൾക്ക് മറുപടി നൽകി. റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ സമാപന സന്ദേശം നൽകി. യൂത്ത് ലീഡേഴ്സായി ക്ലമന്റ് ദെബർമ്മ, എലമി ദെബർമ്മ എന്നിവരെ തിരഞ്ഞെടുത്തു. 20 പേർ പങ്കെടുത്തു.

**HEALING & HEALTH CARE MINISTRY - MOBILE PALATIVE CARE PROJECT**

| നമ്പർ | മിഷൻകേന്ദ്രം | മൊബൈൽ പാലിയേറ്റീവ് കെയർ ഗുണഭോക്താക്കൾ | മെഡിക്കൽ ക്യാമ്പ് | ഗുണ ഭോക്താക്കൾ |
|---|---|---|---|---|
| 1 | ചമ്പക്നഗർ | 12 | – | – |
| 2 | കൊവായ് | 19 | – | – |
| 3 | കുമുളുങ്ങ് | 12 | – | – |
| 4 | മനുഗട്ട് | 55 | – | – |
| 5 | മോഹൻപൂർ | 6 | 1 | 78 |

## 11. MISSION EXPO - 2K22

2022 മിഷൻ ഞായറിനോടനുബന്ധിച്ച് സിൽച്ചർ മിഷനിലെ മുറാബാറി വില്ലേജിൽ യുവജന സംഗമം സംഘടിപ്പിച്ചു. മുറാബാറി, ഭദ്രായ് വില്ലേജുകളിലെ വിശ്വാസികളോടൊപ്പം അഗർത്തല സെന്റ് തോമസ് സീറോ മലബാർ മലയാളി സമൂഹം പരിപാടിയിൽ പങ്കുചേർന്നു. വി. കുർബാനയ്ക്ക് റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ കാർമ്മികത്വം വഹിച്ചു. മലയാളി സമൂഹവും വിശ്വാസ ജീവിതാനുഭവങ്ങൾ പങ്കുവച്ചു. ഭദ്രായ് വില്ലേജിൽ പുതിയതായി നിർമ്മിക്കുന്ന ദൈവാലയത്തിനുവേണ്ടിയുള്ള ധനശേഖരണാർത്ഥം നടത്തിയ ലേലത്തിലും ഭക്ഷ്യമേളയിലും എല്ലാവരും വളരെ ഉത്സാഹത്തോടെ പങ്കുചേർന്നു. 200 ഓളം പേർ പങ്കെടുത്തു.

**ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ**
കോ-ഓർഡിനേറ്റർ




## 2022 സെപ്തംബർ

| | | |
|---|---|---|
| 21 | 12.00 pm | കല്ലേറ്റുംകര, പാക്സിൽ വൈദികരുടെ പഞ്ചദിനക്യാമ്പ് രണ്ടാം ബാച്ചിന്റെ സമാപനസന്ദേശം നൽകി. |
| | 03.00 pm | ഗുഡ്നെസ് ചാനലിൽ സംപ്രേക്ഷണം ചെയ്യുന്നതിനു വേണ്ടി രണ്ട് പ്രഭാഷണങ്ങളുടെ ഷൂട്ടിംഗ് നടത്തി. |
| | 10.00 pm | സി.ബി.സി.ഐ. സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ പങ്കെടുക്കാൻ ബാംഗ്ലൂർക്ക് പോയി. |
| 22 | | ബാംഗ്ലൂരിൽ വച്ചുനടന്ന സി.ബി.സി.ഐ. സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ പങ്കെടുത്തു. |
| 23 | 10.00 pm | സി.ബി.സി.ഐ. സ്റ്റാന്റിങ്ങ് കമ്മിറ്റി കഴിഞ്ഞ് ബാംഗ്ലൂരിൽനിന്ന് തിരിച്ചുവന്നു. |
| 24 | 09.00 am | പുത്തൻചിറ ഈസ്റ്റ് സെന്റ് ജോസഫ്സ് ഇടവകയിൽ ഡീക്കൻ ജോസഫ് പുല്ലൂപറമ്പിലിന് തിരുപ്പട്ടം നൽകി. |
| | 04.00 pm | കത്തീഡ്രൽ ഇടവകയിൽ മൃതസംസ്കാരശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. |
| | 06.00 pm | പുളിയിലക്കുന്ന് ജോൺപോൾ ഭവൻ സെമിനാരിയിൽ പുതുക്കിയ അൾത്താര കൂദാശ ചെയ്യുകയും കപ്പേള വെഞ്ചിരിക്കുകയും ചെയ്തു. |
| 25 | 06.45 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. |
| | 05.00 pm | സിൽച്ചർ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 26 | 06.00 am | കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു. |
| | 08.30 am | കാക്കനാട്, മൗണ്ട് സെന്റ് തോമസ് സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റിയിൽ പങ്കെടുത്തു. |
| 27 | 06.15 am | ഇരിങ്ങാലക്കുട, അൽവേർണിയ നോവിഷ്യേറ്റ് ഹൗസിൽ വി. കുർബാന അർപ്പിച്ചു. |
| | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |
| | 03.00 pm | വൈദിക സഹായ സംഘം മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 28 | 07.00 am | കല്ലേറ്റുംകര, പാക്സിൽ പ്രീകാനയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| | 03.00 pm | ചാലക്കുടി, മർച്ചന്റ് ഹാളിൽ അവാർഡിന്റെ നേതൃത്വത്തിൽ ഒരുക്കിയ ഫാ. ജോസഫ് ഏല്യാസ് കണ്ണത്ത് സി.എം.ഐ.യുടെ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 29 | 07.00 am | പെരിഞ്ഞനം, ശാലോം സദനിൽ വി. കുർബാന അർപ്പിക്കുകയും കുഞ്ഞുങ്ങളെ സന്ദർശിക്കുകയും ചെയ്തു. |
| | 02.30 pm | ഹൃദയ പാലിയേറ്റീവ് കെയർ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.30 pm | Formation Council മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 30 | 05.30 pm | കുതിരത്തടം ഇടവകയിൽ ജപമാലമാസാചരണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു |

## 2022 ഒക്ടോബർ

| | | |
|---|---|---|
| 01 | 03.00 pm | ഇരിങ്ങാലക്കുട, എൽ.എഫ്. കോൺവെന്റിൽ നാൽപത് മണിക്കൂർ ആരാധനയുടെ സമാപനദിനത്തിൽ വി. കുർബാന അർപ്പിച്ച് ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി. |
| 02 | 07.30 am | പിള്ളപ്പാറ പള്ളിയിൽ വി. കുർബാന അർപ്പിച്ചു. |
| | 10.30 am | കൊന്നക്കുഴി പള്ളിയിൽ വി. കുർബാന അർപ്പിച്ചു |
| | 02.15 pm | ഇരിങ്ങാലക്കുട, സെന്റ് ജോസഫ്സ് കോളേജിൽ രൂപത കെ.എൽ.എം. ന്റെ വാർഷികം ഉദ്ഘാടനം ചെയ്തു. |
| 03 | 06.15 am | സിൽച്ചർ മിഷനിലേക്കു യാത്രയാകുന്ന ബഹു. മാർട്ടിൻ മാളിയേക്കൽ കൂനൻ അച്ചന് ആശീർവാദം നൽകി യാത്രയാക്കി. |
| | 06.45 am | ആളൂർ, തിരുഹൃദയ ഭവനം സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. |
| | 11.00 am | കത്തീഡ്രൽ ഇടവകയിൽ ഒരു ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു |
| | 07.00 pm | ആളൂർ, ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ വി. ബലി അർപ്പിച്ചു. |
| 04 | 06.30 am | എലിഞ്ഞിപ്ര, ബെത്‌ലഹേം സെന്റ് ഫ്രാൻസിസ് അസ്സീസി ഇടവകയിൽ സിൽവർ ജൂബിലി ആരംഭത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. ഒപ്പം പുതുതായി നിർമ്മിക്കപ്പെട്ട വീടിന്റെ താക്കോൽദാനം നിർവ്വഹിക്കുകയും ചെയ്തു. |
| | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |
| | 04.00 pm | ഐ.സി.എൽ. ഫിൻകോർപ് എന്ന സ്ഥാപനത്തിന്റെ വെഞ്ചിരിപ്പിന് കാർമ്മികത്വം വഹിച്ചു. |
| 05 | 07.00 am | കല്ലേറ്റുംകര, പാക്സിൽ പ്രീകാനയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |

| | | |
|---|---|---|
| | 10.00 am | പൂവ്വത്തുശ്ശേരി പള്ളിയിൽ സിൽവർ ജൂബിലി ആഘോഷിക്കുന്ന ഫാ. ലിജു പോൾ പറമ്പത്തിന് ആശംസകൾ നേർന്ന് സംസാരിക്കുകയും പൊന്നാട അണിയിക്കുകയും ചെയ്തു. |
| | 11.00 am | ഇരിങ്ങാലക്കുട, ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| | 04.00 pm | ഐ.സി.എൽ ഫിൻകോർപിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. |
| | 05.00 pm | ഇരിങ്ങാലക്കുട വെസ്റ്റ് ഡോളേഴ്സ് ഇടവകയിൽ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| 06 | 07.00 am | കൊടകര പള്ളിയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 11.45 am | ചാലക്കുടി ഫൊറോന പള്ളിയിൽ 'പാലിയേറ്റീവ് കെയർ ഡേ'യിൽ വി. കുർബാനയുടെ സമാപനത്തിൽ രോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി ആശീർവാദ പ്രാർത്ഥന നടത്തുകയും ചെയ്തു. തുടർന്നു നടന്ന മീറ്റിങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| | 02.30 pm | ഇരിങ്ങാലക്കുട, സെന്റ് ജോസഫ്സ് കോളേജിൽ കോട്ടയം കുഞ്ചൻ നമ്പ്യാർ സ്മാരക സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ ഒരുക്കിയ 'ഗുരുവന്ദനം' എന്ന സി. റോസ് ബാസ്റ്റിൻ സി.എച്ച്.എഫ്.നെ ആദരിക്കുന്ന മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 04.00 pm | താഴേക്കാട് ഇടവകയിൽ ഒരു വീട് വെഞ്ചരിപ്പ് നടത്തി. |
| 07 | 07.00 am | പൊറത്തിശ്ശേരി, അഭയഭവനനിൽ വി. കുർബാന അർപ്പിച്ചു. |
| | 10.30 am | സിൽച്ചർ മിഷനിലേക്കു പോകുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയിലെ (തൃശൂർ പ്രോവിൻസ്) സിസ്റ്റേഴ്സിന് ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്തു. |
| | 11.30 am | ദൈവശാസ്ത്ര വിദ്യാർത്ഥികളുമായി കൂടികാഴ്ച നടത്തി. |
| | 12.30 pm | തത്വശാസ്ത്ര വിദ്യാർത്ഥികളുമായി കൂടികാഴ്ച നടത്തി. |
| | 03.00 pm | സഹൃദയ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 07.00 pm | കലോത്സവത്തിൽ വിജയികളായ രൂപത കെ.സി.വൈ.എം.നെ അഭിനന്ദിക്കുകയും തെക്കൻ താണിശ്ശേരി ഇടവകയിൽ വച്ചു നടക്കുന്ന തേജസ്വിനി 2022 എന്ന പ്രോഗ്രാമിന്റെ ലോഗോ പ്രകാശനം നിർവ്വഹിക്കുകയും ആശംസകൾ നേരുകയും ചെയ്തു. |
| 08 | 06.30 am | പാറേക്കാട്ടുകര ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 10.30 am | കൊടകര പള്ളിയിൽ ബഹു. ജോസഫ് പാലത്തിങ്കൽ അച്ചന്റെ അമ്മയുടെ മരണവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |

| | | |
|---|---|---|
| | 01.30 pm | തച്ചുടപറമ്പ് ഇടവകയിൽ നടന്ന ദിവ്യകാരുണ്യ കൺവെൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| | 09.00 pm | ബിഷപ്പ് മാർ തോമസ് പടിയത്ത്, ബിഷപ്പ് മാർ ജോസഫ് കൊല്ലംപറമ്പിൽ എന്നിവരുടെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുക്കാൻ ഹൈദരബാദിലേക്ക് യാത്രയായി. |
| 09 | 09.00 am | ഹൈദരബാദിൽ വച്ചുനടന്ന രണ്ട് സഹായ മെത്രാന്മാരുടെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു. |
| 10 | 09.00 am | ജറുസലം തലോർ ധ്യാനകേന്ദ്രത്തിൽ വച്ചു ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സഹോദരങ്ങൾക്കുവേണ്ടി ഒരുക്കിയ ധ്യാനത്തിൽ (സഹന പൂക്കൾ) സമാപന സന്ദേശം നൽകുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. |
| | 10.30 am | പരിയാരം പള്ളിയിൽ ബഹു. ആൽബിൻ പുന്നേലിപറമ്പിൽ അച്ചന്റെ സഹോദരന്റെ വിവാഹത്തോടനുബന്ധിച്ച് ആശീർവാദം നൽകുകയും ആശംസകൾ നേരുകയും ചെയ്തു. |
| | 11.00 am | പാക്സിന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 11.45 am | സെമിനാരിയുടെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 02.30 pm | നവചൈതന്യയുടെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 03.15 pm | ആനന്ദപുരം, സാൻജോസദന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 03.30 pm | പാദുവാനഗർ ഇടവകയിൽ റൂബി ജൂബിലി ആരംഭത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി, ജൂബിലി ഉദ്ഘാടനം ചെയ്യുകയും കൊടിയേറ്റം നിർവ്വഹിക്കുകയും ചെയ്തു. |
| 11 | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |
| | 03.00 pm | ബി.എൽ.എം.ന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 03.45 pm | സോഷ്യൽ ആക്ഷന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.30 pm | കത്തീഡ്രൽ ഇടവകയിലെ ഒരു ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.30 pm | പുതുക്കാട് ഇടവകയിലെ ഒരു ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 06.30 am | കൊടുങ്ങല്ലൂർ, എടമുക്ക് കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. |
| | 09.30 am | ഇരിങ്ങാലക്കുട, കത്തീഡ്രലിൽ വച്ചുനടന്ന ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുക്കുകയും |

തുടർന്നു നടന്ന മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

02.00 pm കേരളസഭ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

03.00 pm അഭയഭവന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

03.45 pm ബൈബിൾ അപ്പസ്തോലേറ്റിന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

04.30 pm ദൈവശാസ്ത്ര വിദ്യാർത്ഥികളുമായി കൂടികാഴ്ച നടത്തി.

08.30 pm വിദ്യാജ്യോതി ബുക്ക് സ്റ്റാളിനായി പുതുതായി വാങ്ങിയ കാർ വെഞ്ചരിച്ചു നൽകി.

13 10.30 am കാക്കനാട്, മൗണ്ട് സെന്റ് തോമസിൽ 'സ്പന്ദൻ'ന്റെ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു.

03.30 pm എം.സി.ബി.എസ്. സഭയുടെ ചുണങ്ങുംവേലി ജനറലേറ്റിൽ വച്ച് ഫാ. സണ്ണി പൊട്ടേപറമ്പിൽ എം.സി.ബി.എസ്. ന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

05.00 pm കുഴിക്കാട്ടുശ്ശേരി, വി. മറിയം ത്രേസ്യയുടെ വിശുദ്ധപദ പ്രഖ്യാപനത്തിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് മറിയം ത്രേസ്യ പിൽഗ്രിം സെന്ററിൽ വി. കുർബാന അർപ്പിച്ചു.

14 06.30 am കരുവന്നൂർ, എഫ്.സി.സി. കോൺവെന്റിൽ 40 മണിക്കൂർ ആരാധനയുടെ ആരംഭത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

10.30 am ബാലഭവന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

11.15 am ജോൺപോൾ ഭവന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

02.00 pm പുനലൂരിൽനിന്ന് എംപറർ എമ്മാനുവലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മൂന്ന് ദിവസത്തേക്ക് പഠിക്കാൻവന്ന സഹോദരവൈദികർക്ക് സമാപന സന്ദേശം നൽകി.

03.00 pm കോർപറേറ്റ് ഏജൻസിയുടെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

03.45 pm ബ്ലസ് എ ഹോം ന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

15 09.00 am പടിയൂർ, സെന്റ് മേരീസ് ഇടവകയിലെ അജപാലന സന്ദർശനത്തിന്റെ ഭാഗമായി മുഴുവൻ കുടുംബങ്ങളും സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

06.30 pm ഭവനസന്ദർശനത്തിനുശേഷം നടന്ന കുടുംബസമ്മേളന മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

16 09.00 am പടിയൂർ, സെന്റ്മേരീസ് ഇടവകയിലെ അജപാലന സന്ദർശനത്തോടനുബന്ധിച്ച് വി. കുർബാനയ്ക്കു കാർമ്മികത്വം വഹിക്കുകയും തുടർന്ന് ഇടവകയിലെ വിവിധ

| | | |
|---|---|---|
| | | സംഘടനാംഗങ്ങളുമായി കൂടികാഴ്ച നടത്തുകയും ചെയ്തു. |
| | 04.00 pm | ഈ വർഷത്തെ ലോഗോസ് ക്വിസിലെ റാങ്ക് ജേതാക്കളെ അഭിനന്ദിക്കുകയും സമ്മാനം നൽകുകയും ചെയ്തു. |
| | 05.00 pm | കരിസ്മാറ്റിക് ടീമംഗങ്ങളുമായി കൂടികാഴ്ച നടത്തി. |
| 17 | 06.20 am | പുളിങ്കര, സെന്റ് മേരീസ് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 10.30 am | മതബോധനത്തിന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 11.15 am | സ്വീറ്റ് ഹോമിന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 12.00 pm | വിദ്യാജ്യോതി ബുക്ക് സ്റ്റാളിന്റെ ത്രൈമാസ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 04.30 pm | കാട്ടൂർ, വി. എവുപ്രാസ്യമ്മയുടെ 145-ാം ജന്മദിനതിരുനാളിനോടനുബന്ധിച്ച് ജന്മഗൃഹത്തിൽ വച്ചു വി. കുർബാനക്ക് കാർമ്മികത്വം വഹിച്ചു. |
| | 07.00 pm | കാരൂർ ഇടവകയിലെ ഒരു ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 18 | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |
| | 05.00 pm | കാട്ടുങ്ങച്ചിറ, ഷേൺസ്റ്റാട്ട് മാതാവിന്റെ തിരുനാളിൽ വി. കുർബാനക്കു കാർമ്മികത്വം വഹിച്ചു. |
| 19 | 06.30 am | തിരുത്തുപറമ്പ് പള്ളിയിൽ നലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 11.00 am | മാള, ജീസസ് ട്രെയിനിങ്ങ് കോളേജിൽ പുതിയ അക്കാദമിക് വർഷം ഉദ്ഘാടനം ചെയ്തു. |
| | 01.00-05.00 | റീജൻസി ബ്രദേഴ്സുമായി കൂടികാഴ്ച നടത്തി |
| | 03.00 pm | കത്തീഡ്രൽ ഇടവകയിലെ ഒരു ഭവനത്തിൽ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 05.30 pm | ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 20 | 06.30 am | മുരിക്കിങ്ങൽ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 09.00 am | കാരൂർ ഇടവകയിലെ ഒരു ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | റീജൻസി ഡയറക്ടർമാരുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 11.30 am | പ്രീസ്റ്റ് വെൽഫെയർ ഫണ്ടിന്റെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 03.30 pm | പാലിയേറ്റീവ് കെയർ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |




## 2022 ഒക്ടോബർ

| | | |
|---|---|---|
| 21 | 06.30 am | നവചൈതന്യ - വി. കുർബാന |
| | 11.30 am | ല്യൂമൻ യൂത്ത് സെന്റർ |
| | 03.30 pm | സെന്റ് ജെയിംസ് ട്രസ്റ്റ് |
| 22 | 09.00 am | തിരുപ്പട്ടം, തൊട്ടിപ്പാൾ |
| | 02.30 pm | കുഴിക്കാട്ടുശ്ശേരി, നഴ്സിങ്ങ് സ്കൂൾ |
| | 07.00 pm | കത്തീഡ്രൽ യുവജന സംഗമം |
| 23 | 10.00 am | ഹോം ഡേ, ജോൺ പോൾ ഭവൻ |
| | 02.30 pm | ശെമ്മാശൻമാരുമായി കൂടികാഴ്ച |
| 24 | 07.15 am | കത്തീഡ്രൽ, മാമ്മോദീസ |
| | 10.00 am | കണ്ണൂക്കാടൻ ട്രസ്റ്റ് മീറ്റിങ്ങ്, മൂന്നുമുറി |
| | 12.00 pm | ഡിവൈൻ മീഡിയ |
| | 02.30 pm | പറപ്പൂക്കര, ചാരിറ്റി കോൺവെന്റ് വെഞ്ചരിപ്പ് |
| 25 | 07.15 am | വി. കുർബാന, പാക്സ് - പ്രീകാന |
| | 09.00 am | പൊതുജന സന്ദർശനം |
| | 10.00 am | സ്ഥാപനം - വെഞ്ചരിപ്പ്, ഇരിങ്ങാലക്കുട |
| | 06.00 pm | ടൗൺഹാൾ, ചമയം ഡ്രാമ ടീം |
| 26 | 06.30 am | മാമ്മോദീസ, കടുപ്പശ്ശേരി |
| | 10.30 am | വിവാഹം, കുഴിക്കാട്ടുശ്ശേരി |
| | 06.30 pm | മൈനർ സെമിനാരി |
| 27 | 10.00 am | പ്രിസ്ബിറ്ററിയം, പഞ്ചദിനം - സംയുക്ത മീറ്റിങ്ങ് |
| | 02.30 pm | എൻ.ബി.സി.എൽ.സി. മീറ്റിങ്ങ് |
| | 04.45 pm | സേവിയൂർ, മാമ്മോദീസ |
| 28 | 02.30 pm | ചിറയത്ത് ഫാമിലി മീറ്റ് |
| | 03.30 pm | ഹൃദയ മെഡിക്കൽസ് ട്രസ്റ്റ് |
| | 06.00 pm | മാള, അവാർഡ് ദാനം, ചേതന ഇൻസ്റ്റിറ്റ്യൂട്ട് |
| 29 | 06.30 am | അൽവേർണിയ, വി. കുർബാന |

| | | | |
|---|---|---|---|
| | 11.00 | am | ജൂബിലി, ഫാ. ജോർജ്ജ് തറയിൽ, പ. ചാലക്കുടി |
| | 02.00 | pm | ഏകോപന സമിതി മീറ്റിങ്ങ് |
| | 06.00 | pm | മുനിപ്പാറ, വി. കുർബാന |
| 30 | 03.30 | pm | വിവാഹം, കൊട്ടേക്കാട് |
| | 05.45 | pm | ഊരകം, ഇടവകദിനം |
| | 06.45 | pm | കപ്പിൾസ് മൂവ്മെന്റ്, പാക്സ് |
| 31 | 01.00 | pm | ലാസലേറ്റ് ഭവൻ, വയനാട് |

## 2022 നവംബർ

| | | | |
|---|---|---|---|
| 01 | 09.00 | am | മെത്രാഭിഷേകം, ബിഷപ് അലക്സ് താരാമംഗലം |
| 02 | 07.30 | am | വി. കുർബാന, കത്തീഡ്രൽ |
| | 06.30 | pm | തിരുഹൃദയ ഭവനം, ആളൂർ |
| 03 | 09.00 | am | സെന്റ് ജെയിംസ് നഴ്സിങ്ങ് സ്കൂൾ വെഞ്ചരിപ്പ് |
| | 03.00 | pm | വി. കുർബാന, കോതമംഗലം |
| 04 | 10.30 | am | സി. ലിറ്റി - ചരമവാർഷികം, കുന്നന്താനം |
| | 03.00 | pm | സഹൃദയ ട്രസ്റ്റ് |
| 05 | 07.15 | am | ചാലക്കുടി ഫൊറോന പള്ളി, മാമ്മോദീസ |
| | 10.30 | am | ഇരിങ്ങാലക്കുട, സി.എച്ച്.എഫ്. ഗോൾഡൻ ജൂബിലി |
| | 05.00 | pm | വി. കുർബാന, സ്പിരിചാലിറ്റി സെന്റർ |
| 07-11 | | | സി.ബി.സി.ഐ. |
| 12 | 10.00 | am | പാസ്റ്ററൽ കൗൺസിൽ |
| | 02.00 | pm | എഫ്.സി.സി. വെസ്റ്റീഷൻ - സിസ്റ്റേഴ്സ് |
| 13 | 10.30 | am | പാക്സ്, ഫാമിലി യൂണിറ്റ് |
| | 12.00 | pm | വിവാഹം, തിരുമുടിക്കുന്ന് |
| | 05.00 | pm | ജൂബിലി, ആനന്ദപുരം ലിറ്റിൽ ഫ്ളവർ ചർച്ച് |
| 14 | 07.15 | am | കത്തീഡ്രൽ, മാമ്മോദീസ |
| 15 | 09.00 | am | പൊതുജനസന്ദർശനം |
| 16 | 10.30 | am | കോട്ടാറ്റ്, വി. കുർബാന |
| 17 | 10.00 | am | വൈദിക വിശുദ്ധീകരണ ദിനം |
| 18 | 10.00 | am | ഇന്റർ കൂരിയ, തൃശൂർ |
| 19 | 09.30 | am | ഹോംഡേ, മൈനർ സെമിനാരി |
| | 02.30 | pm | ജൂബിലി, ആനന്ദപുരം & എളംകുന്നപുഴ ട്രസ്റ്റ് |
| 20 | 05.30 | pm | കെ.സി.വൈ.എം., എം.ബി.എ. കോളേജ് |
| | 07.00 | pm | രാജത്വതിരുനാൾ - സ്പിരിചാലിറ്റി സെന്റർ |

St. James' Hospital,
Chalakudy

WE FOSTER HEALTH



## FIRST TIME IN KERALA

# CEREBRAL PALSY CLINIC

### Clinic Working Hours

**Every 2nd & 4th Saturday**
**09.00 am to 11.00 am**

### Our Team

**Dr. Binoy PS**
(Hand & Micro Surgeon)

**Dr. Sreejith P Krishnan**
(Paediatric Orthopaedic Surgeon)

**Dr. Aaron George**
(Paediatrician & Neonatologist)

**Dr. Varghese Antony Pallan**
(Neurologist)

**Sr. Akshaya CSS**
(Physiotherapist)



For Enquires ;
+91- 480 2710 271, 2710 571

Annual Sub. 200/-

# BULLETIN IRINJALAKUDA DIOCESE

Date of Publication : 23.10.2022
RNI Registeration No. KERMAL/2014/60912
Registered Postal Registeration No. KL/IJK/34/2021-2023
Posted at R.M.S. Irinjalakuda

KALPARAMBU



IRINJALAKUDA





KODAKARA



EDATHIRUTHY





KUTTIKAD



CHALAKUDY



MALA





PARAPPUKARA

AMBAZHAKAD



PUTHENCHIRA



SILCHAR MISSION



KODUNGALLUR CHURCH

Bishop's House, P.B. No.59, Irinjalakuda-680 121
Phone : 0480-2826830, 2826820, 2833560,2833561
2821582(Bp.P) Fax : 0480-2825050
Website : www.irinjalakudadiocese.com
E-mail-ijkbph@gmail.com

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA, THRISSUR Dist., KERALA, 680 121, and edited by FR. NEVIN ATTOKARAN.

